# LMS LPS PATTATHANAM

## Academic Master plan

2025-2026

# ആമുഖം

1836 ൽ ആരംഭിച്ച ഈ വിദ്യാഭ്യാസ സ്ഥാപനം ഇന്നാട്ടിലെ സ്കൂളുകളുടെ മുത്തശ്ശിയും മുത്തച്ഛനും ആകുന്നു. പ്രബുദ്ധരായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനായി ലണ്ടൻ മിഷൻ സൊസൈറ്റിയാണ് ഇത് സ്ഥാപിച്ചത്. ഭാരതത്തിലുടനീളം വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയ വിദേശ മിഷണറിമാർ കേരളത്തിന് നൽകിയ മഹത്തായ സംഭാവനയാണ് പ്രസ്തുത വിദ്യാലയം ഇന്ന് എൽ.എം. എസ്. എൽ. പി. എസ്. പട്ടത്താനം എന്ന പേരിലറിയപ്പെടുന്നു.

പട്ടത്താനം പ്രദേശത്തും ചുറ്റിലുമായി അനേക വ്യക്തികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകിയിരുന്ന ഒരു സ്ഥാപനമാണിത്. കമ്പനിത്തൊഴിലാളികളും പാവപ്പെട്ടവരും തിങ്ങിപ്പാർത്തിരുന്ന ഈ പ്രദേശം ജില്ലയുടെ ഹൃദയഭാഗത്ത് റെയിൽവേ സ്റ്റേഷനു സമീപത്തായി സ്ഥിതിചെയ്യുന്നു.

സമീപകാലം വരെ ധാരാളം കുട്ടികൾ ഈ സ്ഥാപനത്തിൽ വിദ്യാഭ്യാസം നടത്തിയിരുന്നു. മാതൃഭാഷയിൽ പഠനം നടത്തിവരുന്ന ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറവാണ്. കാരണം ആധുനിക കാലത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് വഴിമാറുന്നതും അനംഗീകൃത വിദ്യാലയങ്ങളുടെ അതിപ്രസരം നിമിത്തവും കുട്ടികളുടെ എണ്ണം തീരെ കുറവാണ്.

കളിസ്ഥലവും അനുബന്ധസൗകര്യങ്ങളും ഈ കലാലയത്തിന്റെ മുഖമുദ്രയാണ്. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടു ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന ഹെഡ്മിസ്ട്രസും അധ്യാപകരും സേവനം അനുഷ്ഠിക്കുന്നു. ഈ വിദ്യാലയം കൊല്ലം ഉപജില്ല വിദ്യാഭ്യാസ കേന്ദ്രത്തിന്റെ നിയന്ത്രണത്തിലാണ്.

മറ്റു വിദ്യാലയങ്ങളോടൊപ്പം മുൻനിരയിലുണ്ടായിരുന്ന ഈ വിദ്യാലയം പഴയകാല പ്രൗഢിയിലേയ്ക്ക് ഒഴുകി നീങ്ങുന്നു. മാതൃഭാഷയിൽ ജ്ഞാനം നേടുന്നതിൽ വിമുഖത കാണിക്കുന്ന ഇന്നത്തെ തലമുറയെ അക്ഷരത്തിന്റെ ആദ്യവെളിച്ചം വീശിയ ഇന്നാട്ടിലെ പ്രസ്തുത സ്കൂൾ ഉയരങ്ങളിൽ എത്തുന്നതിന് വെമ്പൽ കൊള്ളുന്നു. അതിനായി എല്ലാവരും ഒരുമയോടെ പ്രവർത്തിക്കുന്നു.

## പഠന മേഖലകൾ

വ്യത്യസ്ത പഠന മേഖലകൾ നിറഞ്ഞതാണ് പ്രൈമറിതല വിദ്യാഭ്യാസം. അടിസ്ഥാനപരമായി നേടേണ്ട കഴിവുകൾ പഠനമേഖലകൾ അല്ലെങ്കിൽ പഠനനേട്ടങ്ങൾ കുട്ടിയിൽ അന്തർലീനമായാൽ. മാത്രമേ മെച്ചപ്പെട്ട വിദ്യാഭ്യാസം കുട്ടി നേടി എന്നു മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ

ഓരോ ക്ലാസിലും വ്യത്യസ്ത പഠനമേഖലകൾ നിലവിലുണ്ട് ഈ മേഖലകൾ പൂർണ്ണമായും കുട്ടിയിൽ എത്തിക്കുന്നതിന് ശ്രമിക്കുന്നു.

## കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്താൻ നടത്തിയ പ്രവർത്തനങ്ങൾ

കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് സർക്കാർ തലത്തിൽ നടപ്പിലാക്കിയിരുന്ന എല്ലാ പ്രോഗ്രാമുകളിലും ഈ സ്കൂൾ പങ്കാളിയായിട്ടുണ്ട്. B.R.C തലത്തിലും C.R.C. തലത്തിലും നടത്തിവരുന്ന ക്ലസ്റ്റർ പരിശീലന പരിപാടിയിൽ നിന്നും മറ്റു മേഖലകളിൽ നിന്നും അധ്യാപകർക്ക് ലഭിച്ച അറിവുകൾ പാഠ്യപദ്ധതിക്കനുസരിച്ച് കുട്ടികൾക്ക് നൽകുന്നുണ്ട്. പഠന സാമഗ്രികൾ പരമാവധി ക്ലാസുറൂമുകളിൽ ഉപയോഗിച്ചു പഠനം നടത്തുന്നു.

വായനാ നിലവാരം മെച്ചപ്പെടുത്തുന്നതിനായി വായനാക്കളി, വായനാകാർഡ്, കഥ തെറ്റിച്ചു നൽകി അതിനെ ക്രമപ്പെടുത്തൽ, പുസ്തക പരിചയം, അവതരണ രീതികൾ മുതലായവയും അക്ഷരമെഴുത്ത് മത്സരം, വാചകമെഴുത്ത് മത്സരം, കേട്ടെഴുത്ത്, അടയാളങ്ങൾ ഉപയോഗിക്കുമ്പോൾ അക്ഷരങ്ങൾക്കുണ്ടാകുന്ന ഉച്ചാരണം. അക്ഷര കാർഡുകൾ, തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ മലയാളത്തിളക്കം കുട്ടികളിൽ പുതിയൊരു വഴിത്തിരിവായിരുന്നു.

## സാമൂഹിക പങ്കാളിത്തം - നിലവിലെ അവസ്ഥ

1) ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം തീരെ കുറവാണ് ആയതിനാൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന PTA

2) അധ്യാപകർക്ക് പഠന പിൻതുണ നൽകുന്ന രക്ഷിതാക്കൾ

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിതപഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയരൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠന സമീപനമാണ് നാം സ്വീകരിക്കുന്നത്.

<u>ലക്ഷ്യങ്ങൾ</u>

അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക. ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക. യുക്തിചിന്ത, ഗണിത ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

English പഠനത്തിൽ writing, Thoughts എന്നിവയിൽ പ്രാവണ്യം നേടേണ്ട തലത്തിൽ എത്തപ്പെടാതിരിക്കുന്നതിൽ <u>ഉള്ള</u> ന്യൂനത പരിഹരിക്കേണ്ടതായി വരുന്നു.

പരിസര ബന്ധിതമായി നിരവധി മേഖലകൾ അറിഞ്ഞിരിക്കേണ്ടതുള്ള പഠനമാണ് നടന്നുവരുന്നത്. നിരീക്ഷണ പാടവം കൈവരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം അതിനെ വിശകലനം ചെയ്യുന്നതിൽ പ്രവർത്തനം അനുസൃതമാം ചെയ്യേണ്ടതായിട്ടുണ്ട്.

3) പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി. പ്രതീക്ഷിച്ച പലരും വന്നില്ല

4) സാമൂഹികമായ പങ്കാളിത്തം പ്രസ്തുത സ്കൂളിൽ അതിനെ പിൻതുണ കുറവാണ്

5) ജാഗ്രതാ ക്ലാസുകൾ നടത്തി

6) വിവിധ പരിപാടികളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം കുറവായിരുന്നു.

## ശക്തി

1) സ്കൂളിനെ മറ്റു സ്കൂളുകളുടെ നിലവാരത്തിലെത്തിക്കാൻ അക്ഷീണം പ്രവർത്തിക്കുന്ന ഹെഡ്മിസ്ട്രസ്. എല്ലാ ദിവസവും കൃത്യമായും വരികയും എല്ലാ പ്രവർത്തനങ്ങളും ചെയ്യുന്ന ഹെഡ്മിസ്ട്രസ് ഈ സ്ഥാപനത്തിന്റെ ശക്തിയാണ്

2) നല്ല രീതിയിൽ പ്രവർത്തിക്കുന്ന PTA

3) സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ പിൻതുണ നൽകുകയും ചെയ്യുന്ന ലോക്കൽ മാനേജ്മെന്റ്

## പരിമിതികൾ

1) വളരെ പഴക്കം ചെന്ന കെട്ടിടമാണ്

2) ക്ലാസ് റൂം തിരിച്ചിട്ടില്ല

3) കമ്പ്യൂട്ടർ ആവശ്യത്തിനില്ല

4) സമീപത്തായി ട്രാൻസ്ഫോമർ

5) ചിൽഡ്രൺസ് പാർക്കില്ല

6) അധ്യാപക റൂം ഇല്ല

7) സ്വന്തമായി വാഹനം ഇല്ല

ഇംഗ്ലീഷ് പഠനമേഖലയിൽ ഇപ്പോഴും Thoughts കളും Conversation ഉം പ്രതീക്ഷിത പഠനം നേടാൻ കഴിഞ്ഞില്ല. വായനക്കും ബുദ്ധിമുട്ടനുഭവപ്പെടുന്നു. ഹലോ ഇംഗ്ലീഷ് പോലുള്ള ക്ലസ്സുകളിൽ നിന്നും ലഭിച്ച അറിവുകൾ പകർന്നു നൽകി. ഇംഗ്ലീഷ് വിദ്യാഭ്യാസം അതിന്റെ ഉന്നതിയിലെത്തിക്കുന്നതിന് പരമാവധി ശ്രമിക്കുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും ലഭിക്കുന്നതിനായി സൂക്ഷ്മവും ശാസ്ത്രീയവുമായ നിലപാടുകൾ സ്വീകരിച്ച് കാലോചിതമായി പാഠ്യപദ്ധതികൾ ആവിഷ്കരിച്ച് പലമേഖലകളിലും പൂർണ്ണതയിലെത്താൻ കഴിഞ്ഞു.

## പ്രതിവർഷം കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവിന്/ കുറവിന് ഉള്ള കാരണങ്ങൾ

കുറച്ചു വർഷങ്ങൾക്കു മുമ്പ് വരെ 15 ഓളം അധ്യാപകർ ജോലി ചെയ്തിരുന്ന ഈ വിദ്യാലയത്തിൽ ഇന്ന് വിരലിലെണ്ണാവുന്ന അധ്യാപകരാണ് ജോലി ചെയ്യുന്നത്. ഇപ്പോൾ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നു. കുട്ടികളുടെ എണ്ണത്തിൽ കുറവു സംഭവിക്കാനുള്ള മുഖ്യകാരണം രക്ഷിതാക്കളുടെ മാതൃഭാഷാ പഠന വിരോധവും സമീപത്തെ അൺ എയ്ഡഡ് സ്കൂളുകളുടെ അതിപ്രസരം നിമിത്തം പ്രസ്തുത സ്കൂൾ ഇന്ന് എണ്ണത്തിൽ പുറകിലാണ്.

| | | | | |
|---|---|---|---|---|
| | പതിപ്പുകൾ, മാഗസിനുകൾ, പ്രസി-ദ്ധീകരണ പ്രവർത്തനങ്ങൾ | നവംബർ ഡിസംബർ | അധ്യാപകർ | |
| | വായനാമത്സരം | ജനുവരി | അധ്യാപകർ പി.ടി.എ | |
| | വിലയിരുത്തൽ പ്രവർത്തനങ്ങൾ അനുബന്ധ പ്രവർത്തനങ്ങൾ നൽകുന്നത് | ഫെബ്രു-വരി മാർച്ച് | അധ്യാപകർ | |
| | മലയാളത്തിലുള്ള അസംബ്ലി | ആഴ്ച യിൽ 3 ദിവസം | | |

## പ്രവർത്തന പദ്ധതി വിശദാംശങ്ങൾ

മേഖല : അക്കാദമികം

ഉപമേഖല : വായനയെ പരിപോഷിപ്പിക്കൽ മലയ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലന |
|---|---|---|---|---|
| നാലാം ക്ലാസ് വരെയുള്ള കുട്ടികൾ മാതൃഭാഷയിൽ വായിച്ച് ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും ആവശ്യമായ വായനാനുഭവം ഉറപ്പാക്കുന്നതിനും | അനുയോജ്യമായ വായനാ, ശേഖരണം, സമ്പാദിക്കൽ | | പി.ടി.എ അധ്യാപകർ | |
| | (പ്രീ-ടെസ്റ്റ്) അക്ഷരം അറിഞ്ഞുകൂടാത്ത കുട്ടികൾക്ക് നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ | അധ്യാപകർ | |
| | അക്ഷര കാർഡുകൾ നിർമ്മാണം അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് വാക്കുകൾ നിർമ്മിക്കൽ | ജൂലൈ | കുട്ടികൾ അധ്യാപകർ | |
| | വായനാ മാഗസിൻ നിർമ്മാണം | ആഗസ്റ്റ് | അധ്യാപകർ | |
| | വായനാ പുരോഗതി | സെപ്റ്റംബർ | അധ്യാപകർ പി.ടി.എ | |
| | വായനാ കാർഡുകൾ നൽകൽ, മലയാള ഭാഷയിലുള്ള ചെറുകഥകൾ പ്രദർശനം -. വായന | ഒക്ടോബർ | അധ്യാപകർ | |

| | | | |
|---|---|---|---|
| | 8 | ലോക സാക്ഷരതാ ദിനം | അക്ഷരജ്ഞാനത്തിന്റെ പ്രാധാന്യം സംബന്ധം മുദ്രാവാക്യങ്ങൾ നിർമ്മിക്കൽ, വായന |
| | 16 | ഓസോൺ സംരക്ഷണ ദിനം | മരങ്ങൾ നട്ടുവളർത്തേണ്ടതിന്റെ പ്രാധാന്യം ബോധവൽക്കരണ ക്ലാസ്, കവിതാലാപനം |
| | 27 | ലോക വിനോദ സഞ്ചാര ദിനം | കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കൽ, ചാർട്ട് പ്രദർശനം |
| ഒക്ടോബർ | 2 | ഗാന്ധിജയന്തി | ഗാന്ധി കവിത? അവതരണം, ക്വിസ് |
| | 9 | ലോക തപാൽ ദിനം | തപാൽ സ്റ്റാമ്പ് ശേഖരണം, പ്രദർശനം |
| | 16 | ലോക ഭക്ഷ്യദിനം | ഭക്ഷ്യസുരക്ഷ ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം - സന്ദേശം ബോധവൽക്കരണം |
| | 24 | ഐക്യരാഷ്ട്ര ദിനം | ഐക്യരാഷ്ട്ര സഭയുടെ ചരിത്രം, വിവരണം നൽകൽ, പ്രഭാഷണം - സന്ദേശം |
| നവംബർ | 1 | കേരളപ്പിറവി ദിനം | പതിപ്പ്, പ്രസംഗം, ക്വിസ് - സന്ദേശം |
| | 12 | സലീം അലി ദിനം | നമുക്ക് ചുറ്റും കാണുന്ന പക്ഷികളെ നിരീക്ഷിക്കൽ |
| | 14 | ശിശുദിനം | നെഹ്റു അനുസ്മരണം - സന്ദേശം |
| | | ലോക ശിശുദിനം | സന്ദേശം. നാടിന്റെ സമ്പത്ത് കുട്ടികളാണ് |
| ഡിസംബർ | 3 | ലോക വികലാംഗ ദിനം | അംഗവൈകല്യമുള്ളവരെ സഹായിക്കുന്നതിന്റെ പ്രാധാന്യം, അനുഭവ പങ്കുവെക്കൽ |
| | 10 | ലോക മനുഷ്യാവകാശ ദിനം | പോസ്റ്റർ രചന, പ്രഭാഷണം |
| | 23 | ദേശീയ കർഷക ദിനം | കർഷകരെ ആദരിക്കൽ, പച്ചക്കറിത്തോട്ട നിർമ്മാണം |
| | 25 | ക്രിസ്മസ് | പതിപ്പ്, ആഘോഷം |

# • പ്രതിമാസ പ്രവർത്തന കലണ്ടർ

| മാസം | തീയതി | പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|---|
| ജൂൺ | 3 | പ്രവേശനോത്സവം | സ്വീകരണം, പ്രവേശനോത്സവം, മധുരം നൽകൽ |
| | 5 | പരിസ്ഥിതി ദിനം | വൃക്ഷത്തൈ നടീൽ, ചിത്രരചന |
| | 8 | സമുദ്ര ദിനം | ലോകവിജ്ഞാനം, സമുദ്രങ്ങൾ, CD പ്രദർശനം |
| | 19 | വായനാ ദിനം<br>വായനാവാരം | പുസ്തകപ്രദർശനം, വായന, കുറിപ്പെഴുതൽ, ക്വിസ്, എഴുത്ത് PTA തിരഞ്ഞെടുപ്പ് |
| | 26 | മയക്കുമരുന്ന് വിരുദ്ധ ദിനം | ലഹരിവിരുദ്ധ പ്രതിജ്ഞ, ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ നിർമാണം |
| ജൂലൈ | 5 | വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം | സാഹിത്യകാരൻ ബഷീറിന്റെ ഫോട്ടോ പ്രദർശനം, പുസ്തക പ്രദർശനം, വായന |
| | 11 | ലോക ജനസംഖ്യാദിനം | സന്ദേശം, ലോക ജനസംഖ്യാദിനം എന്താണെന്നുള്ള |
| | 21 | ചാന്ദ്രദിനം | ചാന്ദ്രദിനം എന്താണ് സന്ദേശം, CD പ്രദർശനം |
| ആഗസ്റ്റ് | 6 | ഹിരോഷിമ ദിനം | യുദ്ധവിരുദ്ധ പ്രതിജ്ഞ, സംഭവത്തെക്കുറിച്ച് വിവരണം |
| | 9 | നാഗസാക്കി ദിനം | യുദ്ധവിരുദ്ധപ്രതിജ്ഞ, സംഭവത്തെക്കുറിച്ച് വിവരണം |
| | 9 | ക്വിറ്റ് ഇന്ത്യ ദിനം | ചരിത്രപഠനം, അനീതിക്കെതിരെയുള്ള സന്ദേശം |
| | 15 | സ്വാതന്ത്ര്യ ദിനം | ദേശഭക്തിഗാനം, പതിപ്പ്, മധുരവിതരണം, ക്വിസ് |
| | 17 | മലയാള ദിനം | നാടൻപാട്ടുകൾ, കൃഷിയുടെ പ്രാധാന്യം, സന്ദേശം, പഴഞ്ചൊല്ലുകൾ ശേഖരിക്കൽ |
| | 20 | സദ്ഭാവനാ ദിനം | മുൻ പ്രധാനമന്ത്രിമാരെ ഓർമിക്കൽ |
| സെപ്റ്റംബർ | 5 | അധ്യാപക ദിനം | ഡോ. എസ് രാധാകൃഷ്ണന്റെ ചിത്രപ്രദർശനം, ജീവചരിത്രം അവതരിപ്പിക്കൽ |

# പ്രവർത്തന പദ്ധതി വിശദാംശങ്ങൾ

മേഖല : അക്കാദമികം    ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നു മുതൽ നാലു വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് വായിക്കുന്നതിനും എഴുതുന്നതിനും ഉള്ള ശേഷി വികസിപ്പിക്കൽ | അക്ഷര പരിജ്ഞാന പ്രവർത്തനങ്ങൾ എഴുത്ത് തിരിച്ചറിയൽ പ്രീടെസ്റ്റ് | ജൂൺ | അധ്യാപകർ | |
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ 2 ദിവസം | | |
| | അക്ഷരങ്ങൾ എഴുതുന്നതിനും തിരിച്ചറിയുന്നതിനും ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ആവശ്യമായ കരുതലുകൾ എടുക്കാൻ | ജൂലൈ | അധ്യാപകർ | |
| | അക്ഷരകാർഡുകൾ നിർമ്മാണം, വാക്കുകൾ നിർമ്മിക്കൽ, ഉച്ചാരണരീതി | ആഗസ്റ്റ് | അധ്യാപകർ കുട്ടികൾ | |
| | ലഘുകഥകൾ അവതരിപ്പിക്കൽ, അക്ഷരങ്ങൾ മനസ്സിലാക്കി കൂട്ടിച്ചേർത്ത് വായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ | |
| | ഒരു കഥയും ഒരു പാട്ടും | ആഴ്ചയിൽ 1 ദിവസം | അധ്യാപകർ | |

# പ്രവർത്തന പദ്ധതി വിശദാംശങ്ങൾ

മേഖല : അക്കാദമികം    ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ പരിസരപഠനത്തിൽ പരിസര നിരീക്ഷണത്തിൽ പഠനനേട്ടം ഉറപ്പിക്കുന്നതിനും പരിസരത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും വിവിധ നിരീക്ഷണ പ്രക്രിയകൾ | സ്കൂൾ പരിസരത്തെ വൃക്ഷങ്ങൾ, പക്ഷികൾ, മണ്ണ്, വാഹനങ്ങൾ എന്നിവ നിരീക്ഷിക്കൽ | ജൂൺ ജൂലൈ | അധ്യാപകർ | |
| | വ്യത്യസ്ത ഇനം മണ്ണ് ശേഖരണം കുറിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ് | | |
| | വൃക്ഷങ്ങൾ, പക്ഷികൾ, നിരീക്ഷണം ചിത്രരചന | സെപ്റ്റംബർ ഒക്ടോബർ | അധ്യാപകർ കുട്ടികൾ | |
| | വ്യത്യസ്ത കണ്ടെത്തൽ മരങ്ങൾ, സസ്യങ്ങൾ തരംതിരിക്കൽ | നവംബർ ഡിസംബർ | അധ്യാപകർ കുട്ടികൾ | |
| | വിവിധ ഇനം സസ്യങ്ങളുടെ ഇലകൾ, മണ്ണ് എന്നിവയുടെ പ്രദർശനം, അച്ചടി | ജനുവരി | | |
| | കുറിപ്പുകൾ തയ്യാറാക്കൽ, ഗാർഡൻ സന്ദർശനം | ഫെബ്രുവരി മാർച്ച് | | |

# പ്രവർത്തന പദ്ധതി വിശദാംശങ്ങൾ

മേഖല : അക്കാദമികം  ഉപമേഖല : ഗണിതശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ… വിശദ… |
|---|---|---|---|---|
| ഒന്നു മുതൽ നാലു വരെയുള്ള കുട്ടികൾക്ക് സംഖ്യാ പരിജ്ഞാനം, കൂട്ടുന്നതിനും കുറയ്ക്കുന്നതിനും പ്രായോഗിക പ്രശ്നങ്ങളിലും കൂടുതൽ അറിവുനേടുക | ഓരോ ക്ലാസ്സിലും നിഷ്കർഷിച്ചിരിക്കുന്ന എണ്ണൽ സംഖ്യകൾ വായിക്കുന്നതിനും എഴുതുന്നതിനുമുള്ള പ്രവർത്തനങ്ങൾ, സംഖ്യകൾ എഴുതുന്ന രീതി | ജൂൺ ജൂലൈ | അധ്യാപകർ കുട്ടികൾ | |
| | സംഖ്യാകാർഡുകൾ നിർമ്മാണം വിവിധ ഇനം ഗണിത കളികൾ | ആഗസ്റ്റ് | അധ്യാപകർ കുട്ടികൾ | |
| | ഗണിതകളികൾ, സംഖ്യാചക്രം, മാലകോർക്കൽ, ഗണിതകൗതുകങ്ങൾ മുതലായവ | സെപ്റ്റംബർ | അധ്യാപകർ കുട്ടികൾ | |
| | ലഘുസംഖ്യകൾ കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ ചിത്രസഹായത്തോടെയും പഠനോപകരണങ്ങൾ ഉപയോഗിച്ചും കൂട്ടുന്നു | ഒക്ടോബർ നവംബർ | അധ്യാപകർ | |
| | ഗണിതആശയങ്ങൾ ഉറപ്പിക്കുന്നതിനായി പഠനസാമഗ്രികളുടെ സഹായത്തോടെ കൂട്ടുന്നതിനും കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ | ഡിസംബർ ജനുവരി | അധ്യാപകർ | |
| | പ്രശ്നാപഗ്രഥന പ്രവർത്തനങ്ങൾ ഗണിതചിത്ര പ്രദർശനം | ഫെബ്രുവരി മാർച്ച് | അധ്യാപകർ | |

## അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ | | |
| ലാപ്ടോപ്പ് | 3 | |
| പ്രൊജക്ടർ - എൽ.സി.ഡി | 2 | |
| റേഡിയോ | - | |
| ടി.വി | - | ✓ |
| ഡി.വി.ഡി പ്ലേയർ | - | |
| ഇന്റർനെറ്റ് കണക്ഷൻ. | - | ✓ |
| ഇ-മെയിൽ ഐ.ഡി | Yes | |
| ചാനൽ കണക്ഷൻ | No | |
| കോംപാക്ട് ഡിസ്കുകൾ | No | |

വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ്.ആർ.ജി | എല്ലാ ആഴ്ചയിലും യോഗം കൂടുന്നു. പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. പഠനപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. വിലയിരുത്തുന്നു |
| പി.ടി.എ | അംഗങ്ങൾ കുറവാണ്. പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട് |
| എസ്.ഡി.പി | പൂർവ്വ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് യോഗം നടത്തുന്നു. സഹകരണം കുറവാണ് |
| എം.പി.ടി.എ | പ്രവർത്തനം നടക്കുന്നുണ്ട്. ഉച്ചഭക്ഷണ പരിപാടിയുമായി സഹകരിക്കുന്നു. |
| ജാഗ്രതാസമിതി | മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു പ്രവർത്തനങ്ങൾ വിലയിരുത്തുന്നു |
| ക്ലബ് പ്രവർത്തനങ്ങൾ | |
| ലൈബ്രറി സയൻസ് ലാബ്, ഗണിത ലാബ്, കമ്പ്യൂട്ടർ ലാബ് | കുട്ടികളിലെ കഴിവുകൾ വളർത്തുന്നതിന് ശ്രമിക്കുന്നു. ലാബുകളിൽ സാധനസാമഗ്രികളുടെ അഭാവം നേരിടുന്നു. വേണ്ടത്ര പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിക്കുന്നില്ല. |

വാർഷിക കലണ്ടറിലും പ്രതിമാസ കലണ്ടറിലും ഉൾപ്പെടുത്താത്ത മറ്റു നിരവധി അക്കാദമിക പ്രവർത്തനങ്ങളും നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. കലാപ്രവർത്തനത്തിനും വായനയ്ക്കും എഴുത്തിനും കൂടുതൽ പ്രാധാന്യം നൽകി വരുന്ന പ്രവർത്തനങ്ങൾ അധികസമയം കണ്ടെത്തി നൽകുന്നു. ലിപി പരിചയം, വായനാരീതി, എഴുത്തുരീതി, കഥാരചന, കഥാവതരണം, നാടൻപാട്ടുകൾ, പഴഞ്ചൊല്ലുകൾ, പ്രസംഗകേളി, കായിക കളികൾ, വായനകാർഡുകൾ, മുതലായവ നൽകുന്നു.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികളിൽ നൽപ്യം സൃഷ്ടിക്കാൻ സഹായകമാകുമെന്ന് വിലയിരുത്തപ്പെടുന്നുകൊണ്ട് P.T.A യുടെ സഹകരണത്തോടെ കുട്ടിയെ അറിയിക്കുക എന്ന ഒരു പരിപാടി കൂടി നടത്തുന്നതിന് തീരുമാനിച്ചു.

ചിന്തിച്ചതും വിചരിച്ചതുമായ കാര്യങ്ങൾ കർത്തവ്യബോധത്തോടെ നിർവഹിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ നിറുത്തുന്നു.

നന്ദി നമസ്കാരം